കാർഷികാദായനികുതി സംബന്ധിച്ചു നിവേദനം

*൧൭൪. (൯൭) ശ്രീ. വി കെ. വർഗീസ്: താഴെ കാണുന്ന ചോദ്യത്തിന്മേൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കാർഷികാദായനികുതി നിറുത്തൽ ചെയ്യണമെന്നു് ഇവിടത്തെ ചില സംഘടനകൾ സെൻട്രൽ ഗവണ്മെന്റിൽ നിവേദനം നടത്തിയതായി അറിയാമോ;

(ബി) ഇതുസംബന്ധിച്ചു് ഈ ഗവണ്മെന്റു് എന്തെങ്കിലും ആലോചനകൾ നടത്തിയിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) അറിഞ്ഞുകൂടാ.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. കെ. വർഗീസ്: കാർഷികാദായനികുതി നിറുത്തൽ ചെയ്യുന്ന കാര്യം ഈ ഗവണ്മെന്റിന്റെ ആലോചനയിലുണ്ടോ?

ശ്രീ. എ. ജെ. ജോൺ: നിറുത്തൽ ചെയ്യണമെന്നു് ഇപ്പോൾ ഗവണ്മെന്റു് ഉദ്ദേശിച്ചിട്ടുണ്ടെന്നില്ല.

ശ്രീ. വി. കെ. വർഗീസ്: സെൻട്രൽ ഗവണ്മെന്റിൽനിന്നും എന്തെങ്കിലും നിർദ്ദേശം നമുക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ശ്രീ. കെ. എ. മാത്യു: സെൻട്രൽ ഗവണ്മെന്റിനു് കാർഷികാദായ നികുതി നിറുത്താനുള്ള അധികാരമില്ലേ?

ശ്രീ. എ. ജെ. ജോൺ: കാർഷികാദായ നികുതി നിറുത്തണമെന്നു് പറയാനുള്ള അധികാരമില്ല. ഇതു സ്റ്റേറ്റ്‌ലിസ്റ്റിൽ പെട്ട ഒരു വിഷയം ആണു്.

നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം

*൧൭൫. (൫൨) ശ്രീ. പി. കെ. കുഞ്ഞൻതാസ്സി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നിർബ്ബന്ധിതപ്രാഥമികവിദ്യാഭ്യാസനിയമം ഇന്നു നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എതെല്ലാം താലൂക്കുകളിൽ എത്ര കാലത്തേക്കായി നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം നടന്നുവരുന്നു;

(സി) നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസനിയമം നടപ്പിലാക്കിയ പ്രദേശങ്ങളിൽ അതിലെ നിയമങ്ങൾ ലംഘിച്ചതായി എങ്ങുടെയെങ്കിലും പേരിൽ പ്രോസിക്യൂഷൻ നടപടി നടത്തിയിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

(ബി) തോവാള, അഗസ്തീശ്വരം എന്നീ താലൂക്കുകളിലും തിരുവനന്തപുരം സിറ്റിയിലും ക്ലാസ്സ് ൧–ൽ ൫ സ്റ്റേറ്റ് വർക്ഷം മുതലും കൽക്കുളം, വിളവംകോടു്, കുന്നത്തൂർ, തിരുവനന്തപുരം, പറവൂർ എന്നീ താലൂക്കുകളിൽ ക്ലാസ്സ് ൬–ൽ ൪ സ്റ്റേറ്റ് വർക്ഷം മുതലും നെടുമങ്ങാടു്, പത്തനാപുരം എന്നീ താലൂക്കുകളിൽ ക്ലാസ്സ് ൬–ൽ ൩ സ്റ്റേറ്റ് വർക്ഷം മുതലും നടന്നുവരുന്നു.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly